കേരള വാർത്തകൾ
deepika.com

# പ്രഫ.മേനാച്ചേരിയുടെ രചനമുതൽക്കൂട്ട്: കർദിനാൾ

കൊച്ചി: സീറോമലബാർ സഭാ ചരിത്രത്തെക്കുറിച്ചും സഭയുടെ വിവിധ വശങ്ങളെക്കുറിച്ചും പ്രഫ.ജോർജ് മേനാച്ചേരി തയാറാക്കിയിട്ടുള്ള രചനകൾ സഭാചരിത്രത്തിന് മുതൽക്കൂട്ടാണെന്ന് സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ വർക്കി വിതയത്തിൽ. സീറോ മലബാർ റിസർച്ച് സെന്ററിന്റെ പ്രഥമ പുരസ്ക്കാരം ചരിത്രകാരനും കലാ-സാംസ്ക്കാരിക ഗവേഷകനുമായ പ്രഫ.ജോർജ് മേനാച്ചേരിക്കു കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടന്ന ചടങ്ങിൽ വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം.

സഭയ്ക്കും സമുദായത്തിനും നൽകിയ സേവനങ്ങൾക്ക് അവാർഡിന് യോഗ്യനായ അല്മായനാണ് പ്രഫ.മേനാച്ചേരിയെന്നും കർദിനാൾ ചൂണ്ടിക്കാട്ടി.കലയ്ക്ക് വിശ്വാസം പകർന്നു കൊടുക്കുന്നതിൽ മഹത്തായ പങ്കു വഹിക്കാനുണ്ടെന്നും ആ നിലയ്ക്ക് സീറോ മലബാർ സഭയുടെ പശ്ചാത്തലത്തിൽ കലാരംഗത്തെ വിശ്വാസവുമായി ബന്ധപ്പെടുത്തുന്നതിൽ പ്രഫ.മേനാച്ചേരിയുടെ പങ്ക് മഹത്തരമാണെന്നും ചടങ്ങിൽ അധ്യക്ഷനായിരുന്ന തലശേരി ആർച്ച് ബിഷപ് മാർ ജോർജ് വലിയമറ്റം പറഞ്ഞു.തൃശൂർ ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, പാലാ രൂപതാ മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട്, അൽമായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യൻ, റവ.ഡോ.പോളി കണ്ണൂക്കാടൻ എന്നിവർ പ്രസംഗിച്ചു.

സീറോ മലബാർ സഭാ സിനഡിന്റെ അംഗീകാരത്തോടെ ഓരോ വർഷവും നൽകുന്നതാണ് അവാർഡ്.സഭയുടെ പൗരസ്ത്യവും ഭാരതീയവുമായ മാനങ്ങളുടെ പോഷണാർഥം ദൈവശാസ്ത്രം, സാഹിത്യം, കല, സംസ്ക്കാരം, ചരിത്രം, ശിക്ഷണക്രമം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയവും വിലപ്പെട്ടതുമായ സേവനങ്ങൾ കാഴ്ചവച്ചവരെയാണ് അവാർഡിനായി പരിഗണിക്കുന്നത്.ഇരുപത്തയ്യായിരം രൂപയും കീർത്തി പത്രവും ഫലകവും അടങ്ങിയതാണ് അവാർഡ്. സീറോ മലബാർ സഭയിലെ 36 മെത്രാൻമാരും ക്ഷണിക്കപ്പെട്ട മറ്റ് അതിഥികളും ചടങ്ങിൽ പങ്കെടുത്തു.